**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1212** **04-07-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ കല്ലടക്ക - ചെർക്കള റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിലെ കല്ലടക്ക - ചെർക്കള റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി എപ്പോഴാണ് ടെണ്ടർ ചെയ്തതെന്നും നിലവിൽ പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | (എ) | കാസർകോട് ജില്ലയിലെ കല്ലടക്ക - ചെർക്കള റോഡിൽ നിലവിൽ അഭിവൃദ്ധിപ്പെടുത്തൽ നടന്നുകൊണ്ടിരിക്കുന്ന ഭാഗത്തെ പ്രവൃത്തി 12.07.2018-നാണ് ടെണ്ടർ ചെയ്തത്. നിലവിൽ പ്രവൃത്തിയുടെ മുഴുവൻ ഭാഗത്തും ആദ്യഘട്ട ടാറിങ് (DBM) പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ എത്ര കിലോമീറ്റർ ദൂരം അഭിവൃദ്ധിപ്പെടുത്താനുള്ള പ്രവൃത്തിയാണ് ടെണ്ടർ ചെയ്തതെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും എത്ര രൂപയുടേതാണെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത റോഡിന്റെ 19.194 കി.മീ ദൂരം അഭിവൃദ്ധിപ്പെടുത്തുവാനുള്ള പ്രവൃത്തിയാണ് ടെണ്ടർ ചെയ്തത്. ഭരണാനുമതി തുക 20 കോടി രൂപയും സാങ്കേതികാനുമതി തുക 39.76 കോടി രൂപയുമാണ്. |
| (സി) | ആയതിൽ ഇതുവരെ ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനാവശ്യമായി വന്ന തുക എത്രയാണെന്നും പ്രസ്തുത തുക കരാറുകാരന് നൽകിയോ എന്നും വ്യക്തമാക്കാമോ; | (സി) | ഇതുവരെ സംരക്ഷണഭിത്തിയുടെ പ്രവൃത്തികളും ആദ്യഘട്ട ടാറിങ് വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികളും പൂർത്തികരിച്ചിട്ടുണ്ട്. ആകെ 27.92 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരന് 22,02,87,773/രൂപ നൽകിയിട്ടുണ്ട്. |
| (ഡി) | ആയതിൽ ഇനി ഏതെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളതെന്നും അവ എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ; | (ഡി) | അവസാനഘട്ട ടാറിങ്ങും (BC)അനുബന്ധ പ്രവൃത്തികളും മാത്രമാണ് പൂർത്തീകരിക്കുവാൻ ബാക്കിയുള്ളത്. പ്രസ്തുത പ്രവൃത്തികൾ 2022 ഡിസംബർ ആകുമ്പോഴേയ്ക്കും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | പ്രസ്തുത പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചത് ഏത് വർഷത്തിലാണെന്നും ആദ്യം 7 മീറ്റർ വീതി ഉണ്ടായിരുന്നത് 9 മീറ്ററാക്കി മാറ്റിയതാണോ എന്നും വ്യക്തമാക്കാമോ; എങ്കിൽ മാറ്റാനുള്ള കാരണമെന്തായിരുന്നു എന്ന് വിശദമാക്കാമോ; | (ഇ) | പ്രസ്തുത പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചത് 2018-ലാണ്. ആദ്യം 7 മീറ്റർ വീതിയിൽ ചെയ്യാനാണ് വിഭാവനം ചെയ്തിരുന്നത്. കിഫ്ബിയുടെ 20.06.2019-ലെ നിരീക്ഷണ പത്രികയിലെ നിർദ്ദേശ പ്രകാരമാണ് 9 മീറ്റർ വീതിയാക്കിയത്. കിഫ്ബിയുടെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് ഇപ്രകാരം മാറ്റം വരുത്തിയത്. |
| (എഫ്) | വീതിയിൽ മാറ്റം വന്നപ്പോൾ റിവൈസ്ഡ് | (എഫ്) | വീതിയിൽ മാറ്റം വന്നപ്പോൾ റിവൈസ്ഡ് |

| | | | |
|---|---|---|---|
| | എസ്റ്റിമേറ്റിന്റെ അനിവാര്യത ഉണ്ടായിരുന്നോ; എങ്കിൽ ആർ.ഇ. അനുവദിച്ചോ; വ്യക്തമാക്കാമോ? | | എസ്റ്റിമേറ്റ് ആവശ്യമായി വന്നു. ആയത് കേരള റോഡ് ഫണ്ട് ബോർഡിന്റെ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ